കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂൺ 2020 വാല്യം 59 ലക്കം 6



കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂൺ 2020 വാല്യം 59 ലക്കം 6




## ഉള്ളടക്കം


4 രൂപതക്കച്ചേരി

7 മൈനർ സെമിനാരി

7 വിജ്ഞാനഭവൻ

15 സോഷ്യൽ സർവീസ്

22 ചെറുപുഷ്പ മിഷൻലീഗ്

23 മാതൃവേദി

23 യുവദീപ്തി

24 ജീസസ് യൂത്ത്

25 തിരുനാൾ മംഗളങ്ങൾ

27 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

27 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

## തിരുനാളുകൾ



**7**
പരി. ത്രിത്വത്തിന്റെ
തിരുനാൾ



**8**
വി. മറിയം ത്രേസ്യാ



**9**
മാർ അപ്രേം



**11**
പരി. കുർബ്ബാനയുടെ
തിരുനാൾ




**11**
മാർ അദ്ദായി



**13**
പാദുവായിലെ
വി. അന്തോണീസ്



**19**
ഈശോയുടെ
തിരുഹൃദയ
തിരുനാൾ



**20**
മാതാവിന്റെ
വിമലഹൃദയം



**29**
വി. പത്രോസ്
വി. പൗലോസ്
ശ്ലീഹന്മാർ

# രൂപതക്കച്ചേരി

## C.30/2020 വൈദികരുടെ വാർഷിക ധ്യാനം

2020 ജൂലൈ മാസത്തിൽ നിശ്ചയിച്ചിരുന്ന വൈദികരുടെ വാർഷിക ധ്യാനം കൊവിഡ് 19 പ്രതിസന്ധിയെ തുടർന്ന് 2020 നവംബർ 15-20, 22-27 തീയതികളിൽ നടത്തുന്നതായിരിക്കും.

*Protosyncellus*

## C. 31/2020 മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ, വൈദികവസ്ത്ര സ്വീകരണം

2020 ജൂൺ 04-ാം തീയതി വ്യാഴാഴ്ച രാവിലെ 07.30-ന് കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് മ്ശംശാനപട്ടം സ്വീകരിക്കുന്നവർ:

1. മഠത്തിൽ ജോസഫ്, വാഴക്കുളം
2. മാറാട്ടിൽ പോൾ, വാഴക്കാല
3. പ്ലാത്തോട്ടത്തിൽ മാത്യു, ഏഴല്ലൂർ
4. വാമറ്റത്തിൽ ജോൺ, ബസ്ലഹം

2020 ജൂൺ 09-ാം തീയതി ചൊവ്വാഴ്ച രാവിലെ 07.30-ന് കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് ഹെവ്പ്പദ്യാക്ക്ന പട്ടം സ്വീകരിക്കുന്നവർ:

1. ചേറ്റൂർ കുര്യൻ, കോട്ടപ്പടി
2. കല്ലറയ്ക്കൽ ജെയിംസ്, തെന്നത്തൂർ
3. കണയാങ്കൽ ജോൺ, പന്നിമറ്റം
4. കുന്നുംപുറത്ത് ജോസ്, കുട്ടമ്പുഴ
5. കുരീക്കാട്ടിൽ കുര്യൻ, പള്ളിയ്ക്കാമുറി
6. മഞ്ഞക്കടമ്പിൽ കുര്യാക്കോസ്, ഉടുമ്പന്നൂർ
7. മെതിപ്പാറ സ്കറിയ, ബസ്ലഹം
8. രാമനാട്ട് മാത്യു, കരിമണ്ണൂർ
9. വെട്ടിക്കുഴിച്ചാലിൽ ജോസഫ്, തൊടുപുഴ

കാറോയ പട്ടം സ്വീകരിക്കുന്നവർ

1. മുണ്ടൻകാവിൽ ജോസഫ്, തൊമ്മൻകുത്ത്
2. മൂലയിൽ ആൻഡ്രൂസ്, കലയന്താനി
3. എടാട്ട് മാത്യു, മുതലക്കോടം
4. മരുത്വാമലയിൽ ആന്റണി, പൈങ്ങോട്ടൂർ
5. വാലംപാറയ്ക്കൽ പോൾ, ആയവന

2020 ജൂൺ 10-ാം തീയതി ബുധനാഴ്ച രാവിലെ 07.30-ന് കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നവർ:

1. കണ്ണാടൻ വർഗീസ്, കുത്തുങ്കൽ
2. മക്കോളിൽ തോമസ്, വാഴക്കുളം
3. മാമ്മൂട്ടിൽ ജോർജ്, ചിലവ്
4. നിരപ്പേൽ അഗസ്റ്റിൻ, ആനിക്കാട്
5. പാലയ്ക്കാമറ്റത്തിൽ ജോർജ്, തൊമ്മൻകുത്ത്
6. പരയ്ക്കനാൽ ജെയിംസ്, വണ്ണപ്പുറം

ഇവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. Lockdown നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടായിരിക്കും തിരുക്കർമ്മങ്ങൾ നടത്തുക.

*Syncellus*

C. *32/2020* **ഓഡിറ്റിംഗ്-2020**

2019-2020 സാമ്പത്തിക വർഷത്തെ കണക്കുകൾ താഴെ പറയുന്ന പ്രകാരം ഓഡിറ്റിംഗ് നടത്തേണ്ടതാണ്. മറ്റുപള്ളികളുടെ ഓഡിറ്റിംഗ് തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. രൂപതയിൽ നിന്നും നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചാണ് കണക്കുകൾ ക്രമീകരിക്കേണ്ടത്.

**2019 - 2020 Auditing**
**Date : 08-06-2020 (June 8-2020)**
**Place : Nirmala College - Muvattupuzha**

Rev.Fr. Vicar, one Trustee (who knows the account) and the person who computerised the account must attend the auditing.

Name of Churches & Time allotted to each Church is given below.

**A) 9.15 to 10.00**
- Arakuzha
- Arikuzha
- Meenkunnam
- Peringuzha

**B) 10.00 to 10.45**
- Perumballoor
- Thottakara
- Koduvely
- Njarakad

**C) 10.45 to 11.30**
- Thennathoor
- Cheenikuzhy
- Cheppukulam
- Chilavu

**D) 11.30 to 12.15**
- Mulappuram
- Pallickammury
- Ezhalloor
- Thazhuvamkunnu

**E) 12.15 to 01.00**
- Kadavoor
- Kulapuram
- Mullaringad
- Kolady

**Date : 09-06-2020 (June 9-2020)**

**Place : Nirmala College -Muvattupuzha**

**A) 9.15 to 10.00**
- Kuninji
- Purapuzha
- Chittoor
- Kalayanthani

**B) 10.00 to 10.45**
- Parapuzha
- Anicadu
- Karakunnam
- Marady

**C) 10.45 to 11.30**
- Mekkadampu
- Mudavoor
- Muvattupuzha East
- Ambikapuram

**D) 11.30 to 12.15**
- Inchathotty
- Mamalakandam
- Oonnukal
- Aayavana

**E) 12.15 to 01.00**
- Enanalloor
- Kadalikad
- Vadakode
- Anchiri

*Procurator*

# മൈനർ സെമിനാരി

*MS. 15/2020* **വൊക്കേഷൻ ക്യാമ്പ്**

കോവിഡ്-19 മൂലം മദ്ധ്യവേനലവധിക്കാലത്ത് പതിവായി നടത്താറുള്ള വൊക്കേഷൻ ക്യാമ്പ് നടത്തുവാൻ സാധിച്ചിട്ടില്ല. രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫാ. തോമസ് വിലങ്ങുപാറയിൽ - Ph. 9947435604) ബന്ധപ്പെടുമല്ലോ.

*MS 16 /2020* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Sebastian Ouseparambil, Thodupuzha East | ₹ | 1,000 |
| 2 | Punnus Parekunnel, Vannappuram | ₹ | 6,000 |
| 3 | Joy Chettipparambil, Nediasala | ₹ | 25,000 |
| 4 | One Benefactor | ₹ | 20,000 |
| 5 | One Benefactor | ₹ | 10,000 |
| 6 | One Benefactor | ₹ | 1,000 |

*Rector*

# വിജ്ഞാനഭവൻ

*V. 30 /2020* **അദ്ധ്യയനവർഷ ഉദ്ഘാടനം**

ജൂൺ 7-ാം തീയതി ഞായറാഴ്ച പുതിയ അദ്ധ്യയനവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം അഭിവന്ദ്യപിതാവ് വി. കുർബാനയർപ്പിച്ച് നിർവഹിക്കുന്നതാണ്. Youtube Chanel-ൽ 9.45 മുതൽ തൽസമയസം പ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്.

ക്രമമായി നമ്മുടെ വിശ്വാസപരിശീലന ക്ലാസ്സുകൾ എന്നുമുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമല്ലല്ലോ. അതുവരെയുള്ള ക്രമീകരണങ്ങൾ ഉടനെതന്നെ അറിയിക്കുന്നതാണ്.

### *V. 31/2020* രണ്ടാം സെമസ്റ്റർ പരീക്ഷയും റിസൽട്ടും

ഈ വർഷത്തെ പ്രത്യേകസാഹചര്യത്തിൽ നമ്മുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ നടത്തുക ബുദ്ധിമുട്ടായിരിക്കുമല്ലോ. 10, 12 ക്ലാസ്സിലെ പരീക്ഷകൾ എന്തായാലും നടത്തണം. അതിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്. 1 മുതൽ 9 വരെയും 11 -ഉം ക്ലാസ്സുകളിൽ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മാർക്കു നൽകി ക്രമീകരിക്കണം എന്നഭ്യർത്ഥിക്കുന്നു.

1) ഫസ്റ്റ് സെമസ്റ്ററിലെ മാർക്ക് സെക്കന്റ് സെമസ്റ്ററിലും കൊടുക്കുക.

2) ഫസ്റ്റ് സെമസ്റ്റർ പരീക്ഷയും സേ പരീക്ഷയും എഴുതാത്തവർക്ക് ഫസ്റ്റ് സെമസ്റ്റർ കോളത്തിൽ absent എന്നും സേ കോളത്തിൽ 16 മാർക്ക് എന്നും രേഖപ്പെടുത്തുക. സെക്കന്റ് സെമസ്റ്റർ കോളത്തിലും 16 മാർക്ക് എന്ന് രേഖപ്പെടുത്തുക.

3) ഫസ്റ്റ് സെമസ്റ്ററിലും സേ പരീക്ഷയിലും തോറ്റവർക്ക് സേ യുടെ കോളത്തിൽ എഡിറ്റ് ചെയ്ത് 16 മാർക്ക് എന്നാക്കുക.

4) ഇന്റേണൽ മാർക്ക് മിനിമം 8 നൽകുക. കൂടുതൽ മാർക്കിന് അർഹതയുള്ളവർക്ക് പാഠ്യപദ്ധതിയിലെ ചാർട്ട് നോക്കി നൽകുക. (വിശ്വാസോത്സവത്തിന്റെ മാർക്ക് നൽകേണ്ടതില്ല.)

5) ജൂൺ 1-ന് മുമ്പ് എല്ലാവരും മാർക്ക് Enter ചെയ്ത് തീർക്കണം. പിന്നീട് മാർക്ക് Enter ചെയ്യാൻ സാധിക്കില്ല.

6) പ്രെമോഷൻ ലിസ്റ്റ് സൈറ്റിൽ നിന്ന് പ്രിന്റ് എടുക്കാവുന്നതാണ്.

NB. സൈറ്റ് സംബന്ധമായ സംശയങ്ങൾക്ക് ബഹു. തോമസ് വട്ടത്തോട്ടത്തിൽ അച്ചനെ വിളിക്കാവുന്നതാണ്. ഫോൺ. 9497276975

### *V. 32/2020* സ്കോളർഷിപ്പ് പരീക്ഷകൾ

സ്കോളർഷിപ്പ് പരീക്ഷകളുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### *V. 33/2020* ബൈബിൾ നേഴ്സറി

2020-2021 അദ്ധ്യയന വർഷം ബൈബിൾ നേഴ്സറി എല്ലാ ഇടവകകളിലും തുടർന്ന് കൊണ്ടുപോകുവാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകങ്ങൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

*V.34/2020* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ് സൈറ്റിൽ ചേർക്കുമല്ലോ.

*V. 35/2020* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സൺസ്കൂൾ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സൈറ്റിൽ ചേർക്കുമല്ലോ. സ്റ്റേറ്റ്മെന്റിൽ, റോൾ നമ്പർ, ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കണം.

*V. 36/2020* **പ്രൈവറ്റ് രജിസ്ട്രേഷൻ**

സൺഡേസ്കൂൾ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തുക. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ ആഗസ്റ്റ് മാസത്തിലും ജനുവരി മാസത്തിലും മൂവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർമാർ രജിസ്ട്രേഷന് വരുന്ന കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1. പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസ്സിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.
2. 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
3. ലിസ്റ്റിൽ ഇവരുടെ പേര് പ്രത്യേകം എഴുതിച്ചേർത്ത് റിമാർക്ക് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.
4. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദപാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുവാൻ പാടുള്ളതല്ല.
5. 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റായി പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2020 ആഗസ്റ്റ് 8 ശനി
XII - 2020 ആഗസ്റ്റ് 8 ശനി

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

XI - 2021 ജനുവരി 9 ശനി
XII - 2021 ജനുവരി 9 ശനി
സ്ഥലം : NESTT, Muvattupuzha
സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB: രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്. കോൺടാക്റ്റ് ക്ലാസ്സ് കൂടാത്തവർ നിർബന്ധമായും 5 ദിവസത്തെ ധ്യാനം കൂടണം. ധ്യാനം കൂടിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.

*V.37/2020* **XI -ാം ക്ലാസ് പ്രൈവറ്റ് രജിസ്ട്രേഷൻ**

2019-2020 അദ്ധ്യയനവർഷത്തിൽ 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് ഹെഡ്മാസ്റ്റർമാർ വിജ്ഞാനഭവൻ ഓഫീസിൽ വിളിച്ച് ഉറപ്പുവരുത്തണം. കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്ത കുട്ടികൾ ധ്യാനം കൂടിയതിന്റെ രേഖകൾ വിജ്ഞാനഭവൻ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

*V. 38/2020* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 39/2020* **വാർഷികറിപ്പോർട്ട്**

2019-2020 വർഷത്തെ വാർഷിക റിപ്പോർട്ട് നൽകേണ്ടതില്ല.

*V. 40/2020* **ടീച്ചേഴ്സ് ക്വിസ് പഠനഭാഗം**

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 683-780; വിശ്വാസവഴിയിലെ സംശയങ്ങൾ - 1, 2, 3; വഴിതെറ്റാത്ത വിശ്വാസം

## *V. 41/2020* Admission Register, Classwise Register, Attendance Book, Bag etc.

രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്റ്ററുകളുടെ വില താഴെചേർക്കുന്നു.

| | | | |
|---|---|---|---|
| Admission register | - | ₹ | 300 |
| Classwise register (P. 50) | - | ₹ | 120 |
| Classwise register (P. 30) | - | ₹ | 90 |
| Classwise register (P. 20) | - | ₹ | 70 |
| Certificate book | - | ₹ | 10 |
| Attendance book | - | ₹ | 10 |
| T.C. Form (book) | - | ₹ | 50 |
| Application form | - | ₹ | 30 |
| Teachers' attendance | - | ₹ | 60 |
| Sunday School bag | - | ₹ | 70, 130 |

## *V.42/2020* പുസ്തക വിതരണം

ഈ അദ്ധ്യയനവർഷത്തിലെ **സൺഡേ സ്കൂൾ പുസ്തകങ്ങളും, റഗുലർ സ്കൂളുകളിലേക്കുള്ള വേദപാഠം, മോറൽ സയൻസ് പുസ്തകങ്ങളും വാങ്ങാൻ വരുന്നവർ ജൂൺ 1-ന് ശേഷം വിളിച്ച് പുസ്തകം വന്നു എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരേണ്ടതാണ്. ഫോൺ. 9495843287.** ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റിക്കിസം, സ്കൂൾ കാറ്റിക്കിസം, മോറൽ സയൻസ് പുസ്തകങ്ങൾക്ക് 3% കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു.

| Std. | Sunday School | | Reg. School Cat. | Moral Science | |
|---|---|---|---|---|---|
| | Mal. | Eng. | | Mal. | Eng. |
| I | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| II | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| III | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| IV | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| V | ₹ 30 | ₹ 40 | ₹ 35 | ₹ 50 | ₹ 55 |
| VI | ₹ 30 | ₹ 40 | ₹ 35 | ₹ 50 | ₹ 55 |
| VII | ₹ 30 | ₹ 40 | ₹ 35 | ₹ 50 | ₹ 55 |
| VIII | ₹ 30 | ₹ 40 | ₹ 30 | ₹ 50 | ₹ 55 |

| | | | | | |
|---|---|---|---|---|---|
| IX | ₹ 30 | ₹ 40 | ₹ 30 | ₹ 50 | ₹ 60 |
| X | ₹ 30 | ₹ 40 | ₹ 30 | ₹ 50 | ₹ 60 |
| XI | ₹ 30 | ₹ 40 | - | ₹ 40 | ₹ 70 |
| XII | ₹ 30 | ₹ 40 | - | ₹ 40 | ₹ 70 |

★വിശ്വാസോത്സവ പുസ്തക വില 40 രൂപയായിരിക്കും.
★ബൈബിൾ നേഴ്സറി പുസ്തക വില 60 രൂപ.

*V. 43/2020* **അദ്ധ്യാപക സഹായി**

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായുള്ള അദ്ധ്യാപക സഹായി വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭ്യമാണ് (Std. 1-10).

## *V. 44/2020* ലോഗോസ് ക്വിസ് 2020

വി. ഗ്രന്ഥം പഠിക്കുവാൻ KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതോടൊപ്പം Std. V -ന് മുകളിലോട്ടുള്ള എല്ലാ കുട്ടികളെയും ഈ പഠനത്തിലും പരീക്ഷയിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരേണ്ടതാണ്. ഞായറാഴ്ചകളിൽ വചനശുശ്രൂഷയ്ക്കിടയിലും കുടുംബകൂട്ടായ്മകളിലൂടെയും ലോഗോസ് ക്വിസിന് കൂടുതൽ പ്രചാരം കൊടുക്കുവാനും മുതിർന്ന ആളുകളെ കൂടുതലായി ഈ നല്ല സംരംഭത്തിൽ പങ്കാളികളാക്കുവാനും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുക്കുന്നത് ഉചിതമായിരിക്കും.

Study Guide: www.keralabiblesociety.com

**ലോഗോസ് ഫമിലിയ ക്വിസ്**

**ഭിന്നശേഷിയുള്ളവരുടെ ലോഗോസ് ക്വിസ്**

**വിദേശമലയാളികൾക്ക് ഓൺലൈൻ ലോഗോസ് ക്വിസ്**

**പങ്കെടുക്കുന്നവരെ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

A വിഭാഗം - 01-01-2009 -ന് ശേഷം ജനിച്ചവർ
B വിഭാഗം - 01-01-2004 -നും 31-12-2008-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 01-01-1989 -നും 31-12-2003-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 01-01-1969 -നും 31-12-1988-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 01-01-1956 -നും 31-12-1968-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31-12-1955 -നു മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ 2020 ജൂൺ 1-ാം തീയതി ആരംഭിച്ച് ജൂലൈ 31-ാം

തീയതി അവസാനിക്കുന്നതായിരിക്കും. ഇതുസംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

1) ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ 9447828373
2) ശ്രീ. ജോസഫ് പന്തപ്ലാക്കൽ 9446110044

രജിസ്ട്രേഷൻ ഫീസ് 10 രൂപ.

മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) നിയമാവർത്തനം 22-34** **2) പ്രഭാഷകൻ 18-22**
**3) വി. മർക്കോസ് 1-8** **4) 1 കോറി. 1-8**

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

**രൂപതാതലമത്സരം - 2020 ഒക്ടോബർ 4**
**പരീക്ഷാ സമയം - 2.00 pm - 3.30 pm**

## സമ്മാനങ്ങൾ :

**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധ നാട് തീർത്ഥാടനം**

**അഖിലകേരളതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം - 500 രൂപ

**രൂപതാതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 2000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 1500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 1000 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 500 രൂപയും സർട്ടിഫിക്കറ്റും
5-ാം സമ്മാനം - 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം.

★ 90-നും-100-നും ഇടയ്ക്കും 80-നും-89-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന എല്ലാ പ്രായവിഭാഗക്കാർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹന സമ്മാനങ്ങളും.

- ★ 60-നും 69-നും ഇടയ്ക്കും 70-നും 79-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നതാണ്.
- ★ 70-നും 79-നും ഇടയ്ക്ക് മാർക്കുവാങ്ങുന്ന B, C, D, E, F പ്രായ വിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- ★ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്ന കോൺഗ്രിഗേഷന് സമ്മാനം.
- ★ ഇടവകാംഗങ്ങളുടെ മൊത്തം എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.
- ★ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.
- ★ അഞ്ചാം ക്ലാസ്സ് മുതലുള്ള എല്ലാ കുട്ടികളും പങ്കെടുക്കുന്ന ഇടവകയ്ക്ക് (ഇവിടെ നല്കുന്ന സ്റ്റേറ്റുമെന്റ് പ്രകാരം) പ്രത്യേക സമ്മാനം.
- ★ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സൺഡേ സ്കൂൾ അധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക:**

- ☞ 10 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.
- ☞ രജിസ്ട്രേഷൻ നടത്തിയവർക്ക് പകരം പരീക്ഷയെഴുതുവാൻ ആർക്കും അനുവാദമില്ല.
- ☞ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത സൺഡേസ്കൂൾ കുട്ടികളുണ്ടെങ്കിൽ അവരുടെ attendance register-ൽ അക്കാര്യം നോട്ട് ചെയ്യേണ്ടതാണ്.
- ☞ രണ്ട് ലിസ്റ്റുകൾ പ്രിന്റ് എടുത്ത് തരേണ്ടതാണ്.
- ☞ സൺഡേ സ്കൂൾ അദ്ധ്യാപകരുടെ പേരിന് നേരെ T എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.

☞ സിസ്റ്റേഴ്സിന്റെ പേരിനു നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. (അവസാനത്തെ രണ്ടു നിർദേശങ്ങൾ കൃത്യമായി പാലിക്കാത്തവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.)

For on-line registration visit www.logosquiz.org. / www.keralabiblesociety.com

### *V. 45/2020* ആദ്യകുർബാന പുസ്തകം

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## സോഷ്യൽ സർവീസ്

### *SS. 12/2020* കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

എറണാകുളം കളക്ട്രേറ്റുമായി ബന്ധപ്പെട്ട് ഇന്റർ ഏജൻസി ഗ്രൂപ്പിൽ (IAG) അംഗമായി KSSS പ്രവർത്തിച്ചുവരുന്നു. കളക്ട്രേറ്റിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ചും IAG യിൽ അറിയിച്ചും പൊതു സ്ഥാപനങ്ങളിലും (തഹസീൽദാർ, പോലീസ് CI) മറ്റും മാസ്ക്, സാനിറ്റൈസർ, ഹാന്റ്‌വാഷ്, സോപ്പ് എന്നിവ നൽകി. മുതലക്കോടം, മൂവാറ്റുപുഴ, കോതമംഗലം ഹോസ്പിറ്റലുകളിലും ചില അനാഥാലയങ്ങളിലും മൃതസംസ്കാരം നടന്ന മൂന്ന് ഭവനങ്ങളിലും മാസ്കുകൾ വിതരണം ചെയ്തു. വളരെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ബഹു. വികാരിയച്ചന്മാർ വഴി ഫുഡ് പായ്ക്കറ്റുകൾ എത്തിച്ചുകൊടുത്തു.

### *SS. 13/2020* ക്യാൻസർ രോഗികൾക്കും ഭിന്നശേഷിക്കാർക്കും സഹായം

ഭിന്നശേഷിക്കാർക്ക് നാടുകാണി സാൻജോ ഭവനിൽവച്ച് ഫുഡ്കിറ്റുകൾ നൽകി. വളരെ അത്യാവശ്യമുള്ള ചില കുടുംബങ്ങൾക്ക് ചികിത്സാ സഹായവും നൽകി. ബഹു. വികാരിയച്ചന്മാർ വഴി ക്യാൻസർ രോഗികൾക്ക് ഫുഡ് കിറ്റുകൾ ലഭ്യമാക്കി. ക്യാൻസർ രോഗികൾക്കും

KSSS -ൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗവൈകല്യമുള്ളവർക്കും ജീവ മെഡിക്കൽസിൽനിന്നും സൗജന്യമായി മരുന്നുകൾ നൽകിവരുന്നു.

## *SS. 14/2020* ജീവ മെഡിക്കൽസ് സഹായം

ഏവർക്കും അറിയാവുന്നതുപോലെ ജീവ മെഡിക്കൽസ് ലാഭത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമല്ല. പരമാവധി വില കുറച്ച് രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നു. ഈ മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഒന്നേകാൽ കോടിയോളം രൂപ ഡിസ്കൗണ്ട് ഇനത്തിൽ ഉപഭോക്താക്കൾക്ക് നൽകുവാൻ സാധിച്ചു. ഇതുകൂടാതെ ഈ ലോക്ക് ഡൗൺ കാലത്ത് ബഹു. വികാരിയച്ചന്മാരുടെ ശുപാർശയനുസരിച്ച് വളരെ അർഹതപ്പെട്ടവർക്ക് സൗജന്യമായും 50%, 25% ഡിസ്കൗണ്ട് നിരക്കിലും മരുന്നുകൾ നൽകി. തൊടുപുഴ ഫൊറോനയിലെ 24 വൈദികർ തങ്ങളുടെ അലവൻസിൽനിന്നും 1,20,000 രൂപ സ്വരൂപിച്ച് തൊടുപുഴ ജീവ മെഡിക്കൽസിൽ ഏല്പിക്കുകയും പ്രസ്തുത വൈദികരുടെ ശുപാർശയനുസരിച്ച് രോഗികൾക്ക് മുൻപറഞ്ഞ തുകയ്ക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്തുവരുന്നു. തൊടുപുഴ ഫൊറോനയിലെ വൈദികർക്ക് നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## *SS. 15/2020* പ്രത്യേക സാമ്പത്തിക സഹായങ്ങൾ

അഭിവന്ദ്യ പിതാവ് സർക്കുലറിലൂടെ അറിയിച്ചിരുന്നതുപോലെ സാമ്പത്തിക ബുദ്ധിമുട്ടുള്ള ഇടവകകളിൽനിന്നും അത്യാവശ്യകാര്യങ്ങൾക്കായി സോഷ്യൽ സർവീസ് സൊസൈറ്റിയുമായി ബന്ധപ്പെടുന്നവർക്ക് ചികിത്സാസഹായവും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകിവരുന്നു.

## *SS. 16/2020* ഗ്രോ ബാഗ്, പച്ചക്കറികൃഷി തൈകൾ

25 രൂപ വിലയുള്ള ഗ്രോ ബാഗുകൾ സാമ്പത്തിക ബുദ്ധിമുട്ടുള്ള ഇടവകകൾക്ക് ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിക്കുന്നതനുസരിച്ച് അഞ്ചു രൂപ നിരക്കിലും മറ്റുള്ള എല്ലാവർക്കും 12 രൂപ നിരക്കിലും നൽകിവരുന്നു. KOTHAMANGALAM SOCIAL SERVICE SOCIETY എന്ന പേര് പ്രിന്റു ചെയ്ത ഗ്രോ ബാഗുകൾ ഇപ്പോൾ ലഭ്യമാണ്. 2000-ൽ കൂടുതൽ ബാഗുകൾ ആവശ്യമുള്ളവർ ഒരാഴ്ച മുമ്പ് ഓർഡർ നൽകണം. പച്ചക്കറിക്ക്യഷിയ്ക്ക് തൈകൾ ആവശ്യപ്പെട്ടവർക്ക് അവ

ലഭ്യമാക്കി. ഇനിയും ആവശ്യമുള്ളവർ ഉടനെ അറിയിക്കുമല്ലോ. പ്രതികൂല സാഹചര്യങ്ങൾമൂലം നടുക്കര നേഴ്സറിയിൽ തൈകൾ ഉല്പാദിപ്പിക്കുന്നത് നിറുത്തിവയ്ക്കുവാൻ സാധ്യതയുണ്ട്.

## *SS. 17/2020* നെൽക്കൃഷി പ്രോത്സാഹിപ്പിക്കാം

കോതമംഗലം കൃഷിഭവനുമായി സഹകരിച്ച് സമീപ പ്രദേശങ്ങളിൽ നെൽക്കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. കുത്തുകുഴി സഹകരണ ബാങ്കിന്റെ ഓഡിറ്റോറിയത്തിൽവച്ച് നടന്ന നെൽക്കൃഷി കർഷകരുടെ ആലോചനയോഗത്തിൽ KSSS ഡയറക്ടർ പങ്കെടുത്തു. ബാങ്കിന്റെ നേതൃത്വത്തിൽ 24 ഏക്കർ പാടത്ത് നെൽക്കൃഷി ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചു. ഭൂമിയുടെ ഉടമസ്ഥർക്ക് കൃഷി ചെയ്യുവാൻ അസൗകര്യമുണ്ടെങ്കിൽ പകരം ആളുകൾ പാട്ടവ്യവസ്ഥയിൽ കൃഷി ചെയ്യും. തോടു വൃത്തിയാക്കൽ, നിലം ഉഴുകൽ എന്നീ ജോലികൾ ബാങ്കിന്റെ നേതൃത്വത്തിൽ നടത്തും. മണ്ണ് പരിശോധന നടത്തും. ഒരേതരം വിത്ത് (ജ്യോതി) എല്ലാവർക്കും ലഭ്യമാക്കും. വിത്ത് വിതയ്ക്കൽ, കള പറിക്കൽ തുടങ്ങിയ പണികൾ കർഷകർ ചെയ്യണം. കൊയ്ത്ത് യന്ത്രം ഇറങ്ങാവുന്ന പാടങ്ങളിൽ അത് ലഭ്യമാകും. മെതിക്കുന്ന യന്ത്രവും ലഭ്യമാകും. വിളവിൽ കർഷകന് ആവശ്യമുള്ളതിൽ കഴിഞ്ഞുള്ള നെല്ല് ബാങ്ക് വിലയ്ക്കെടുക്കും. കർഷകന് ആവശ്യമെങ്കിൽ പലിശരഹിത വായ്പ നൽകും. സബ്സിഡി ലഭിക്കുന്നത് കർഷകന് എടുക്കാം.

മുൻപറഞ്ഞ മോഡലിൽ നമ്മുടെ ഇടവകകളിൽ നെൽക്കൃഷിയെ പ്രോത്സാഹിപ്പിച്ചാൽ നന്നായിരിക്കും. ബഹു. വികാരിയച്ചൻമാർ താൽപര്യമെടുത്താൽ നെൽക്കൃഷി കർഷകരെ വിളിച്ചുകൂട്ടുവാനും നിങ്ങളുടെ സമീപത്തുള്ള സഹകരണ ബാങ്കുകളെ ഇതിൽ ഉൾപ്പെടുത്തുവാനും സാധിക്കുമായിരിക്കും. അങ്ങനെയെങ്കിൽ കൃഷിയുടെ നല്ല ഒരു പുതിയ സംസ്കാരം രൂപപ്പെടുത്താനാവും.

ഒരേക്കർ ഭൂമിയിലെ കൃഷിക്ക് സർക്കാർ 6000 രൂപ സബ്സിഡി നൽകും. കൂടാതെ കർഷകർക്ക് ആവശ്യമെങ്കിൽ പലിശരഹിത വായ്പ നമ്മോട് സഹകരിക്കുന്ന ബാങ്കുകൾ നൽകിയേക്കും. ഇങ്ങനെ സാമ്പത്തിക സഹായം ലഭ്യമാകാത്ത സ്ഥലങ്ങളിൽ അത്യാവശ്യമെങ്കിൽ ബഹു. വികാരിയച്ചന്മാരുടെ ഉത്തരവാദിത്വത്തിൽ ആറുമാസത്തേക്ക് പലിശരഹിത വായ്പ ആദ്യം ആവശ്യപ്പെടുന്നവർക്ക് KSSS -ൽ നിന്ന് ലഭ്യമാക്കുന്നതാണ്. താല്പര്യമുള്ളവർ ബന്ധപ്പെടുമല്ലോ.

## SS. 18/2020 മൂല്യവർദ്ധിത ഉല്പന്നങ്ങൾ - അഭിപ്രായ രൂപീകരണം

കാർഷിക ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. നമ്മുടെ രൂപതയുടെ പശ്ചാത്തലത്തിൽ രണ്ടുഘട്ടമായി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്: (1) ലളിതമായി, (2) വിപുലമായി. താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച് ബഹു. വികാരിയച്ചന്മാരുടെ അഭിപ്രായങ്ങൾ പ്രതീക്ഷിക്കുന്നു. പൊതു അഭിപ്രായമനുസരിച്ച് പദ്ധതി ക്രമീകരിക്കാം.

**1. ലളിതമായ പദ്ധതി**

ഇതനുസരിച്ച് ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനുള്ള ഏതാനും മെഷീനുകൾ മാത്രം വാങ്ങിക്കുന്നു. വളരെ ലളിതമായി പ്രവർത്തനം ആരംഭിക്കുന്നു. ഇവിടെ രണ്ടു വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ട്.

(a) കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുമായി നമ്മുടെ സെന്ററിൽ വരികയും നമ്മുടെ മെഷീനുകൾ ഉപയോഗിക്കുകയും ചെയ്യാം.. ഉദാ. കപ്പ, ചക്ക, പാവയ്ക്ക, തേങ്ങ, മാംസം, മത്സ്യം etc. ഉണങ്ങുവാൻ; അരി, മല്ലി, മഞ്ഞൾ, മുളക് etc. പൊടിക്കുവാൻ. ഈ സേവനത്തിന് ചെറിയ വാടക സ്വീകരിക്കുന്നു.

(b) ഏതാനും ആളുകളെ ജോലിക്ക് നിയമിക്കുന്നു. ഈ മെഷീനുകൾ ഉപയോഗിച്ച് വിവിധ ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും ഉണ്ടാക്കുന്ന ജോലി അവർക്ക് നൽകാം. ഇവ ഇടവകകളിൽ എത്തിക്കുകയും ഞായറാഴ്ച സ്റ്റാൾ നടത്തുകയും ചെയ്താൽ വളരെപേർക്ക് ഉപകാരപ്പെടും.

- ഇപ്രകാരം സ്റ്റാളിൽ നൽകാവുന്ന സാധനങ്ങൾ: സോപ്പ്, സോപ്പുപൊടി, ക്ലീനിംഗ് ഐറ്റംസ്, അരിപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, എണ്ണ, തേൻ, ഉരഗുളിക, മുറിവെണ്ണ, ചതവെണ്ണ etc.
- ഈ കാര്യങ്ങൾക്ക് ഇടവകയിൽ ഒരാളെ ജോലിക്ക് കമ്മീഷൻ വ്യവസ്ഥയിൽ നിയമിച്ചാൽ മതിയാവും. ഈ പ്രസ്ഥാനം ലാഭകരമാകുന്നതുവരെ പള്ളിയിൽനിന്നും സ്ഥലസൗകര്യം സൗജന്യമായി ചെയ്തു കൊടുക്കുക. ലാഭകരമാകുമ്പോൾ നിശ്ചിത വാടക വാങ്ങാവുന്നതാണ്.

**ഇപ്പോൾ വാങ്ങാവുന്ന വിവിധ ഉപകരണങ്ങൾ**

1. Triple Head Pulverizer - അരി, ഗോതമ്പ്, മല്ലി, മുളക്, മഞ്ഞൾ എന്നിവ പൊടിക്കുന്ന മെഷീൻ. 200 kg. അരി ഒരു മണിക്കൂർകൊണ്ട് പൊടിക്കാം.
2. എൻ. സി. ഡ്രയർ – തേങ്ങ, കപ്പ, ചക്ക, ജാതിക്ക, കുടംപുളി, മാംസം, മത്സ്യം, ഏലം, റബർഷീറ്റ്, പഴവർഗ്ഗങ്ങൾ, പാവയ്ക്ക, മറ്റു പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഉണങ്ങുന്ന മെഷീൻ. ഇന്ധനം: വിറക്, വൈദ്യുതി, LPG. 500 തേങ്ങ or 50 kg. കപ്പ etc. ഉണങ്ങാം.
3. ഓയിൽ റോട്ടറി ചക്ക് – (കൊപ്രായിൽ നിന്നും എണ്ണ എടുക്കുന്ന മെഷീൻ) stainless steel
4. Roasting Machine – അരി, മല്ലി etc. വറുക്കുന്നതിനുള്ള മെഷീൻ (അവലോസ് ഉണ്ടാക്കുവാൻ ഉപയോഗിക്കാം.)
5. Rice Huller Blower – നെല്ല്, കാപ്പിക്കുരു etc. കുത്തുവാൻ ഉപയോഗിക്കുന്ന മെഷീൻ
6. സോപ്പ്, സോപ്പ് ലായനി, മറ്റ് ഡിറ്റർജന്റ് ഐറ്റംസ് എന്നിവ ഉണ്ടാക്കുന്നതിനുള്ള മെഷീൻ.

**2. വിപുലമായ പദ്ധതി**

രൂപതാതലത്തിൽ 6 ഏക്കർ സ്ഥലമെങ്കിലും സ്വന്തമായി വാങ്ങിക്കുകയോ ലീസിന് എടുക്കുകയോ ചെയ്യുന്നു. 100 ഇനങ്ങളെങ്കിലും നിർമ്മിക്കുവാൻ പദ്ധതിയിടുക. മൂന്ന് ഏക്കറെങ്കിലും ഒരുമിച്ച് കിട്ടുന്നത് നല്ലതാണ്.

ഇതുമായി ബന്ധപ്പെട്ട് ബഹു. ചെറിയാച്ചന്റെ നേതൃത്വത്തിൽ അഞ്ചംഗ കമ്മിറ്റി നടത്തിയ പഠനയാത്രയുടെയും മറ്റ് വിവരങ്ങളുടെയും വെളിച്ചത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്.

**1. നീലൂർ, പ്രവിത്താനം, തൊടുപുഴ KADS മോഡലുകൾ**

നീലൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വിവിധ ഫാർമേഴ്സ് ക്ലബുകൾ രൂപീകരിച്ച് ധാരാളം കാര്യങ്ങൾ നടത്തിവരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങിക്കുകയും പ്രോസസ്സിംഗ് നടത്തി അവരുടെ ഗ്രൂപ്പുകളിലും മറ്റു സ്ഥലങ്ങളിലും വിൽക്കുകയും ചെയ്യുന്നു. ഇത് വളരെ ലാഭകരമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ്.

പ്രവിത്താനം VICIB

ഇവർ വളരെ ലളിതമായി ആരംഭിച്ച് ഇപ്പോൾ 100 കോടി രൂപ ആസ്തിയുള്ള പ്രസ്ഥാനമായി വളർന്നിരിക്കുന്നു. ഇവരുടെ കീഴിൽ 4000 SHG കളുണ്ട്. ഓരോന്നിലും 10 മുതൽ 20 വരെ അംഗങ്ങൾ ഉണ്ട്. ശരാശരി 15 പേർ വീതം കണക്കാക്കിയാൽ 4000 X 15 = 60000 കുടുംബങ്ങളുടെ പിന്തുണ ഇവർക്കുണ്ട്. വലിയ മെഷിനറി ഉപയോഗിച്ച് ധാരാളം നിത്യോപയോഗസാധനങ്ങൾ ഉല്പാദിപ്പിക്കുന്നു. ഇവരുടെതന്നെ കൂട്ടായ്മകളിലും മറ്റു സ്ഥലങ്ങളിലും വിറ്റഴിക്കപ്പെടുന്നു. മായമില്ലാത്ത ഭക്ഷണ വസ്തുക്കൾ ലഭ്യമാക്കുന്നുവെന്നതാണ് വളരെ പോസിറ്റീവ് ആയ കാര്യം. വിവിധതരം അരിപ്പൊടി, ഗോതമ്പുപൊടി, മസാലക്കൂട്ടുകൾ, കാപ്പിപ്പൊടി, അവൽ, പപ്പടം, എണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ, സോപ്പ്, ഷാമ്പു, ഹാന്റ് വാഷ്, ലോഷൻ, വിവിധ തരം അച്ചാറുകൾ എന്നിവയും ഇവർ ആളുകളിലേക്ക് എത്തിക്കുന്നു.

**മുൻപറഞ്ഞവയുടെ വെളിച്ചത്തിൽ നമ്മുടെ രൂപതയിൽ ചെയ്യാവുന്ന കാര്യങ്ങൾ:**

1) ഇടവകകൾ തോറും സംഘങ്ങൾ ക്രമീകരിക്കുക.
2) രൂപതതലത്തിൽ ഈ സംഘങ്ങളുടെ നെറ്റ്‌വർക്ക് രൂപീകരിക്കുക.
3) കർഷകന്റെ ഉല്പന്നങ്ങൾ ശേഖരിക്കുവാനും സംസ്കരിച്ച വസ്തുക്കൾ വിതരണം ചെയ്യുവാനും ഈ നെറ്റ്‌വർക്കിനെ ഉപകാരപ്പെടുത്തുക.
4) ബോധവൽക്കരണ ക്ലാസ്സുകൾ ക്രമീകരിക്കുക.
5) കർഷകർക്ക് SMAM Registration-ന് സഹായിക്കുക. (Submission on Agricultural Mechanization) സബ്സിഡി ലഭ്യമാക്കുക.
6) മൂല്യവർദ്ധനവിനുള്ള യന്ത്രങ്ങൾ പൊതുകേന്ദ്രത്തിലോ റീജിയൺ തലത്തിലോ സ്ഥാപിക്കുക.
7) സാമ്പത്തിക കാര്യങ്ങൾക്ക് കർഷകരിൽനിന്നും ഷെയർ വാങ്ങാവുന്നതാണ്. (ആവശ്യമെങ്കിൽ)
   a) 100 ഇടവകകളിൽ നിന്നും 1000 രൂപയുടെ ശരാശരി 50 ഷെയറുകൾ. 100 X1000 X 50 = 50,00,000
   b) 50 ഇടവകകളിൽ നിന്നും 5000 രൂപയുടെ 20 ഷെയറുകൾ. 50 X 5000 X 20 = 50,00,000

c) 25 ഇടവകകളിൽ നിന്നും 10,000 രൂപയുടെ 20 ഷെയറുകൾ.

25 X 10,000 X 20 = 50,00,000

Total 50,00,000 X 3 = 1,50,00,000

8) ഈ പദ്ധതി വഴി ധാരാളം ആളുകൾക്ക് ജോലി ലഭ്യമാക്കാൻ സാധിക്കും.

9) രൂപതയിൽ പൊതുവായി ഈ പദ്ധതി വിജയിക്കുന്നതനുസരിച്ച് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന രൂപതാംഗങ്ങളുടെ സഹകരണത്തിലൂടെ മറ്റു രാജ്യങ്ങളിലേക്കും മൂല്യവർദ്ധിത ഉല്പന്നങ്ങൾ കയറ്റി അയയ്ക്കാനാകും. തൊടുപുഴ KADS ഇപ്രകാരം ചെയ്യുന്നുണ്ട്. ഷെയറുകൾ എടുപ്പിക്കുകയും വിപുലമായി പദ്ധതികൾ ക്രമീകരിക്കുകയും ചെയ്യുന്നു.

**ഇതുമായി ബന്ധപ്പെട്ട മറ്റുചില കാര്യങ്ങൾ**

1) ഇടവകകളിൽ 10 മുതൽ 20 വരെ അംഗങ്ങളുള്ള SHG കൾ (Self Help Groups) ക്രമീകരിച്ചാൽ അവർക്ക് 20 ലക്ഷം രൂപവരെ ലോൺ ലഭിക്കും. ഈ തുകകൊണ്ട് ഒരുമിച്ചുള്ള കൃഷി, മീൻ വളർത്തൽ, കന്നുകാലി ഫാം എന്നിവ നടത്താം.

2) അഞ്ച് അംഗങ്ങളുള്ള JLG കൾ (Joint Liability Group) ക്രമീകരിച്ചാൽ 3 ലക്ഷം രൂപവരെ ലോൺ ലഭിക്കും.

3) ഇടവകകളിൽ സെൻട്രൽ കമ്മിറ്റി (ക്രെഡിറ്റ് യൂണിയൻ) ട്രസ്റ്റായി രജിസ്റ്റർ ചെയ്താൽ സ്വന്തമായി പാൻ കാർഡ് ലഭിക്കും. ഇതുവഴി ബാങ്ക് ഇടപാടുകളും അക്കൗണ്ടിങ്ങും എളുപ്പമാകും.

4) നബാർഡിൽനിന്നും തുകകൾ ലഭ്യമാകും.

5) കേന്ദ്രസർക്കാരിൽനിന്ന് 20 കോടി രൂപവരെ ധനസഹായം ലഭിക്കുന്നതിന് സാധ്യതകൾ ഉണ്ട്.

6) പരീക്കണ്ണിയിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലീസിന് എടുത്തിരിക്കുന്ന 2 ഏക്കർ സ്ഥലത്ത് പ്ലാവ് കൃഷി ചെയ്ത് കൃഷിക്കാർക്ക് മാതൃകയാവാം.

7) **ലോൺ സൗകര്യങ്ങൾ**: ലോൺ എടുക്കുവാൻ താല്പര്യപ്പെടുന്നതിനേക്കാൾ തിരിച്ചടക്കുന്നതിന് ഉത്സാഹമുള്ള വ്യക്തികളെയാണ് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്. അദ്ധ്വാനിക്കുവാൻ മനസ്സുള്ളവർക്ക് സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ മാത്രം Income Generating പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണല്ലോ ലോണുകൾ ഉപകാരപ്പെടുക. ഉദാ. കോഴി/പശു/ആട്/

മീൻ എന്നിവ വളർത്തുന്നതിനും കൃഷികൾക്കുമെല്ലാം SHG കൾ വഴി ലോൺ ലഭിക്കും.

പാവപ്പെട്ടവരുടെ പ്രസ്ഥാനമാണ് ക്രെഡിറ്റു യൂണിയനും SHG കളും എന്ന ധാരണ ബഹു. വികാരിയച്ചന്മാർ താല്പര്യമെടുത്താൽ തിരുത്തുവാൻ സാധിക്കും. 100:2 എന്ന അനുപാതത്തിലെങ്കിലും നമ്മുടെ ഇടവകകളിൽ SHG കൾ തുടങ്ങിയാൽ നന്നായിരിക്കും. അതായത് 100 കുടുംബങ്ങളുള്ള ഇടവകയിൽ 20 അംഗങ്ങളുള്ള രണ്ട് SHG കൾ; 500 കുടുംബങ്ങളുള്ള ഇടവകയിൽ 10 SHG കൾ എന്ന ക്രമത്തിൽ.

**മാർക്കറ്റിംഗ് സാധ്യത**

നമ്മൾ ഉൽപാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉൽപന്നങ്ങളും മറ്റ് നിത്യോപയോഗസാധനങ്ങളും നമ്മുടെ ഇടവകകളിലും ചുറ്റുപാടുകളിലും വിൽക്കുവാൻ സാധിക്കുമോ?

ഇതിനെക്കുറിച്ചുള്ള ഇടവകജനങ്ങളുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുവാൻ ബഹു. വികാരിയച്ചന്മാർ താൽപര്യമെടുത്താൽ ഉപകാരമായിരിക്കും. പൊതുതാൽപര്യമനുസരിച്ച് മുൻപറഞ്ഞ പദ്ധതികൾ ആവിഷ്കരിക്കാനാവും.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 26/2021* **ചെറുസൂനം ക്വിസ്**

മെയ് മാസം നടത്താനിരുന്ന Online ക്വിസ് SSLC, PLUS TWO പരീക്ഷകൾക്ക് ശേഷം നടത്തുന്നതായിരിക്കും. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

*CML 27/2022* **വാർഷിക റിപ്പോർട്ട്**

ദൈവാലയങ്ങളിൽ ഇരുന്ന് റിപ്പോർട്ട് ഫോം പൂരിപ്പിക്കുവാൻ ഉള്ള സാഹചര്യം നിലവിൽ വന്നതിനുശേഷം മാത്രമാണ് ശാഖ, മേഖല വാർഷിക റിപ്പോർട്ടുകൾ രൂപതയിൽ ഏൽപിക്കേണ്ടതുള്ളൂ. കൃത്യമായ തീയതി പിന്നീട് അറിയിക്കുന്നതാണ്. ഈ സാഹചര്യത്തിൽ Online പ്രവർത്തനങ്ങൾ കൂടുതലായി നടത്തുവാൻ ശാഖകളും, മേഖലകളും ശ്രദ്ധിക്കുമല്ലോ.

*Director*

# മാതൃവേദി

*MV 17/2020* **ചാവറ ക്വിസ്**

വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നൂറ്റിയമ്പതാം ചരമ വാർഷികത്തോടനുബന്ധിച്ച് മാതൃവേദി അമ്മമാർക്ക് വേണ്ടി Online Chavara Quiz മെയ് 24-ാം തീയതി നടത്തി.

*Director*

# യുവദീപ്തി

*YD 13/2020* **രൂപതാകമ്മിറ്റി**

ലോക്ഡൗൺ കാലയളവിൽ സാമൂഹികഅകലം പാലിച്ച് സാങ്കേതിക അടുപ്പത്തോടെ രൂപതാഭാരവാഹികൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഒത്തുചേർന്നു. 17-05-2020 -ൽ നടന്ന കമ്മിറ്റിയിൽ സന്നദ്ധസേനാരൂപീകരണം, ഉത്സവ് 2020, ചാവറ ഓൺലൈൻ ക്വിസ് എന്നീ കാര്യങ്ങളെപ്പറ്റി രൂപതാതലപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വിലയിരുത്തുകയും ചെയ്തു.

*YD 14/2020* **രൂപതാകലോത്സവം - ഉത്സവ് 2020**

മൂന്നുവർഷത്തിലൊരിക്കൽ നടത്തിവരുന്ന രൂപതാകലോത്സവം - 'ഉത്സവ്' ഇത്തവണ ഓൺലൈൻ ആയി നടത്തുവാൻ തീരുമാനിച്ചു. ടിക്ടോക്, പ്രസംഗം, മോണോആക്ട്, യുവദീപ്തി ആന്തം, ലളിതഗാനം എന്നീ മത്സരങ്ങളാണ് ഓൺലൈൻ കലോത്സവത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിൽ ടിക്ടോക് മത്സരം ഇതിനകം നടത്തപ്പെട്ടു. മത്സരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അതാതുസമയങ്ങളിൽ അറിയിക്കുന്നതാണ്. യൂണിറ്റിൽ നിന്നും എത്രപേർക്കുവേണമെങ്കിലും എല്ലാ യൂണിറ്റുകളിൽനിന്നും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

*YD 15/2020* **സന്നദ്ധസേന**

കോവിഡ് 19 സമൂഹവ്യാപനം ഉണ്ടായാൽ സന്നദ്ധപ്രവർത്തനത്തിനു സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെ ഏകോപിപ്പിക്കുന്നതിനായി രൂപതാ, ഫൊറോന, യൂണിറ്റ് തലങ്ങളിൽ സന്നദ്ധസേനകൾ രൂപീകരണം എത്രയും വേഗം പൂർത്തിയാക്കി വിവരങ്ങൾ രൂപതാസമിതിയെ അറിയിക്കുവാൻ എല്ലാ യുവജനഭാരവാഹികളും ശ്രദ്ധിക്കുമല്ലോ. യൂണിറ്റ് ഡയറക്ടർ അച്ചന്മാരും അസി. ഡയറക്ടറച്ചന്മാരും ആനിമേറ്റർ സിസ്റ്റേഴ്സും ഈ സംരംഭത്തിന് നേതൃത്വവും പിൻതുണയും നൽകണമെന്ന് പ്രത്യേകം അപേക്ഷിക്കുന്നു.

*YD 16/2020* **ജന്മദിനാശംസകൾ**

09-05-2020-ാം തീയതി ജന്മദിനം ആഘോഷിച്ച കോതമംഗലം രൂപതയുടെ ഇടയശ്രേഷ്ഠൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന് യുവദീപ്തി രൂപതാകുടുംബം പ്രാർത്ഥനയോടെ ജന്മദിനാശംസകൾ നേർന്നു.

*YD 17/2020* **പ്രാർത്ഥനാമഞ്ജരികൾ**

മാതാവിന് പ്രതിഷ്ഠിതമായിരിക്കുന്ന മെയ്മാസത്തിൽ രൂപതാസമിതിയുടെ നേതൃത്വത്തിൽ അനുദിനവും സുകൃതജപങ്ങൾ ഉരുവിട്ട് പ്രാർത്ഥിക്കുകയും മാതൃഭക്തിയിൽ വളരുകയും ചെയ്യുന്നു.

കെ.സി.വൈ.എം. രൂപതാസമിതിയംഗങ്ങൾ എല്ലാ ദിവസവും 3.00 pm ന് ഒരുമിച്ച് ചേർന്ന് കരുണക്കൊന്ത ചൊല്ലി ലോകം മുഴുവനും വേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിക്കുന്നു.

*Director*

## ജീസസ് യൂത്ത്

*JY 7/2020* **പന്തക്കുസ്താ ദിനാചരണം**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ പന്തക്കുസ്താദിനത്തോടനുബന്ധിച്ച് എല്ലാവർഷവും നടത്തിവരുന്ന സമർപ്പണ പുനഃസമർപ്പണ ചടങ്ങുകൾ മെയ് മാസം 31-ന് നടത്തി. online പ്ലാറ്റ്ഫോമായ Zoom ഇതിനായി പ്രയോജനപ്പെടുത്തി.

*JY 8/2020* **നല്ല അയൽക്കാരൻ സഹായഹസ്തം**

ലോക്ക് ഡൗൺ കാലത്ത് സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് സോണിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തിക സഹായവും, ഫുഡ് കിറ്റുകളും നൽകിവരുന്നു.

*JY 9/2020* **ഫാം അറ്റ് ഹോം വീട്ടിലെ പച്ചക്കറിത്തോട്ടം**

കേരള ജീസസ് യൂത്ത് ടീമിന്റെ ആഭിമുഖ്യത്തിൽ വീട്ടു കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും നല്ലൊരു കൃഷി സംസ്കാരം ഓരോ വീട്ടിലും പടുത്തുയർത്തുന്നതിനും 'ഫാം അറ്റ് ഹോം' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. പരിമിതമായ സ്ഥലങ്ങളിൽ കൃഷി ചെയ്യാവുന്ന രീതികളെക്കുറിച്ചും വിത്തുകളെക്കുറിച്ചും, വളപ്രയോഗങ്ങൾ തുടങ്ങിയ കൃഷി സംബന്ധമായ എല്ലാകാര്യങ്ങളെക്കുറിച്ചും വർഷങ്ങളായി ഈ മേഖലയിൽ പരിചയമുള്ള കർഷകരുടെയും, കാർഷിക സർവകലാശാല പ്രൊഫസർമാരുടെയും വെബ്ബിനാറുകൾ ഇതിനോടൊപ്പം നടന്നുവരുന്നു.

*Animator*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Kalamparambil Antony | **June** | 13 |
| " | Kottackal Antony | " | 13 |
| " | Maliyeckal Antony | " | 13 |
| " | Njaliparambil Antony | " | 13 |
| " | Ovelil Antony | " | 13 |
| " | Pulimalayil Antony | " | 13 |
| " | Puthenkulam Antony | " | 13 |
| " | Vilayapillil Antony | " | 13 |
| " | Elenjedath John | " | 24 |
| " | Kadavan John | " | 24 |
| " | Pichappillil John | " | 24 |

| | | | |
|---|---|---|---|
| Rev. Fr. | Akkapadickal Paul | **June** | 29 |
| " | Avirapattu Paul | " | 29 |
| " | Choorathotty Paul | " | 29 |
| " | Edathotty Paul | " | 29 |
| " | Inchaplackal Paul | " | 29 |
| " | Karakombil Paul | " | 29 |
| " | Kalathoor Paul | " | 29 |
| " | Kodamullil Paul | " | 29 |
| " | Mailackachallil Paul | " | 29 |
| " | Nedumpurath Paul | " | 29 |
| " | Nedumthadathil Paulose | " | 29 |
| " | Parathazham Paul | " | 29 |
| " | Pareman Peter | " | 29 |
| " | Vilanguparayil Paul | " | 29 |
| " | Cherkottu Thomas | **July** | 3 |
| " | Cheruparampil Thomas | " | 3 |
| " | Kalariparambil Thomas | " | 3 |
| " | Kallarackal Thomas | " | 3 |
| " | Kannamkulam Thomas | " | 3 |
| " | Kapiarumalayil Thomas | " | 3 |
| " | Kottarathil Thomas | " | 3 |
| " | Kuzhinjalil Thomas | " | 3 |
| " | Malekudy Thomas | " | 3 |
| " | Mundackal Thomas | " | 3 |
| " | Panackal Thomas | " | 3 |
| " | Parayidom Thomas | " | 3 |
| " | Periappuram Thomas | " | 3 |
| " | Poovathumkal Thomas | " | 3 |
| " | Pothanamuzhy Thomas | " | 3 |
| " | Vattathottathil Thomas | " | 3 |
| " | Vettikuzha Thomas | " | 3 |
| " | Vilanguparayil Thomas | " | 3 |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. മാണി കളപ്പുരയിൽ | ചരമദിനം | 01-07-1991 |
| ഫാ. പോൾ തരണിയിൽ (Sr.) | ” | 02-07-2003 |
| ഫാ. ജോൺ തയ്യിൽ | ” | 08-07-1969 |
| ഫാ. ഇമ്മാനുവൽ കുര്യനാൽ | ” | 12-07-2018 |
| ഫാ. ജോസഫ് തുടിയൻപ്ലാക്കൽ | ” | 16-07-2013 |
| ഫാ. ജോസഫ് കണ്ണാത്തുകുഴി | ” | 17-07-2017 |
| ഫാ. ജോർജ്ജ് ആറാഞ്ചേരിൽ | ” | 26-07-2010 |
| ഫാ. തോമസ് നെടുംപുറം | ” | 28-07-1980 |

# നിര്യാതരായി

## സി. ലാസറസ് CMC (തെക്കേക്കര)

| | | |
|---|---|---|
| ഇടവക | - | കോതമംഗലം |
| ജനനം | - | 10-10-1936 |
| ആദ്യവ്രതം | - | 01-05-1958 |
| നിത്യവ്രതം | - | 16-05-1961 |
| മരണം | - | 02-05-2020 |
| മൃതസംസ്കാരം | - | 03-05-2020 (കത്തീഡ്രൽ-കോതമംഗലം) |

## സി. ലെയോനാർദ്ദ് SH (കുന്നംകോട്ട്)

| | | |
|---|---|---|
| ഇടവക | - | മുട്ടം |
| ജനനം | - | 10-10-1945 |
| ആദ്യവ്രതം | - | 02-05-1968 |
| നിത്യവ്രതം | - | 02-05-1978 |
| മരണം | - | 03-05-2020 |
| മൃതസംസ്കാരം | - | 04-05-2020 (മൈലക്കൊമ്പ്) |

## സി. ക്രിസ്റ്റി MSJ (തെങ്ങുംപള്ളിൽ)

| | | |
|---|---|---|
| ഇടവക | - | വേഴാങ്ങാനം |
| ജനനം | - | 08-01-1950 |
| ആദ്യവ്രതം | - | 09-09-1970 |
| നിത്യവ്രതം | - | 08-09-1979 |
| മരണം | - | 06-05-2020 |
| മൃതസംസ്കാരം | - | 07-05-2020 (തങ്കളം) |

## സി. ബോസ്കോ SH (താന്നിക്കൽ)

| | | |
|---|---|---|
| ഇടവക | - | മൈലക്കൊമ്പ് |
| ജനനം | - | 02-05-1936 |
| ആദ്യവ്രതം | - | 02-05-1962 |
| നിത്യവ്രതം | - | 02-05-1967 |
| മരണം | - | 15-05-2020 |
| മൃതസംസ്കാരം | - | 15-05-2020 (മൈലക്കൊമ്പ്) |

## സി. ബിയാറ്റ CMC (പോത്തനാമൂഴി)

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 07-12-1930 |
| ആദ്യവ്രതം | - | 04-01-1953 |
| നിത്യവ്രതം | - | 16-05-1958 |
| മരണം | - | 30-05-2020 |
| മൃതസംസ്കാരം | - | 01-06-2020 (ആരക്കുഴ മഠം) |

Deivarajyam June 2020

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/6/2020

●Posted at Thodupuzha Stg.

Annual Subscription ₹ 100.00



Bl. Mariam Thresia



Mar Ephraem



Feast of Corpus Christi




St. Barnabas



St. Antony



Holy Trinity



Sacred Heart



Immaculate Heart



Sts. Peter & Paul

**Printed at Sanjo Offset Press, Kothamangalam**
**Printer & Publisher Rev. Dr. George Thekkekara**
**Bishop's House, Kothamangalam - 686 691**